PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964

Tuesday, the 10th March 1964

Vol. XVIII] **OFFICIAL REPORT** **[No. 22**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 10th March 1964, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

Mr. Speaker : Questions and Answers. Question number one, Shri K. K. Balakrishnan.

ഹരിജൻ കാളണികൾ.

* 612. [1] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് ആകെ എത്ര ഹരിജൻ കാളണികളുണ്ടു് ;

(ബി) ഓരോ ജില്ലയിലും എത്ര വീതം ;

(സി) നിലവിലുള്ള ഹരിജൻകാളണികളിൽ വേനൽക്കാലത്തു കുടിക്കുന്നതിനു് വെള്ളം ലഭിക്കുന്നില്ലെന്നും, നടക്കുവാനോ വാഹനങ്ങളിൽ പോകുന്നതിനോ വഴികളില്ലെന്നും പരാതികൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) അവിടെ കൂടുതൽ കിണറുകൾ കുഴിക്കുന്നതിനും കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും റോഡുകൾ വെട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ദയവുണ്ടാകുമോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 372.

(ബി)

തിരുവനന്തപുരം	..	29
കൊല്ലം	..	17
കോട്ടയം	..	19
ആലപ്പുഴ	..	13
എറണാകുളം	..	41
തൃശ്ശൂർ	..	180
പാലക്കാടു്	..	22
കോഴിക്കോടു്	..	8
കണ്ണൂർ	..	13

(സി) ഹരിജൻ കാളണി നിവാസികളിൽനിന്നും അപ്രകാരം നിവേദനം ലഭിച്ചിട്ടുണ്ടു്. ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഹരിജൻ കാളണി പ്രവത്തനങ്ങൾ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറു് നടത്തുന്നതുകൊണ്ടു് മറു ഡിപ്പാർട്ടുമെൻറിൽനിന്നും യാതൊരുവിധ സഹായവും ലഭിക്കുന്നില്ല. ഈ കാര്യത്തിൽ കാര്യമായ ശ്രദ്ധ പതിപ്പിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറു നിലവിലുള്ളപ്പോൾ മറു ഡിപ്പാർട്ടുമെൻറിൽനിന്നും പണം ചെലവാക്കുന്നതു ശരിയല്ല. എങ്കിലും കാളണിക്കു ആവശ്യമായ കിണർ കുഴിപ്പിക്കുക, അപ്രോച്ചു റോഡു് വെട്ടുക മുതലായവ ചെയ്യാവുന്നതാണു്.

ശ്രീ. എൻ. ഭാസ്കരൻ നായർ : ആലപ്പുഴ–ചങ്ങനാശേരി റോഡിലുള്ള ഹരിജൻ കാളണി പുലുക്കുന്നതിനു 1959–ൽ ബഡ്ജറിൽ തുകകൊള്ളിച്ചിരുന്നതാണു്. എന്നാൽ യാതൊരുവിധ നടപടിയും സ്വീകരിച്ചുകണ്ടില്ല. അവിടെയുള്ള കോളം നികത്തി ഏറവും വേഗം കാളണി നന്നാക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ആ കാളണി സെറിൽമെൻറു് കാളണിയാണു്. ഹരിജൻ കാളണിയല്ല. മണ്ണിട്ടു കോളം നികത്തുന്നതിനു ബഡ്ജറിൽ തുകയൊന്നും കൊള്ളിച്ചിരുന്നില്ല. ഒരു എസ്റ്റിമേറു ഇൻജിനിയറിംഗ് ഡിപ്പാർട്ടുമെൻറു അയച്ചുതന്നിരുന്നു. അടിയന്തിരാവസ്ഥ വന്നതുകൊണ്ടു അതു പരിഗണിക്കുവാൻ സാധിച്ചിട്ടില്ല.

ശ്രീ. ഓ. കോരൻ : ഹരിജനക്ഷേമ വകുപ്പിൽനിന്നും ഹരിജനങ്ങളുടെ ക്ഷേമത്തിനു നീക്കിവയ്ക്കുന്ന തുകയിൽനിന്നും 25 ശതമാനം കണ്ണൂർ ഹരിജൻ ആദിവാസികൾക്കു ലഭിക്കേണ്ടതാണെന്നു ഈ സ്റ്റേറിലെ ചീഫ് സെക്രട്ടറി വല്ല ശുപാർശയും സമർപ്പിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ കാര്യമായ നടപടി അതിലേക്കു് സ്വീകരിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു : വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെയും ഹരിജനക്ഷേമ മന്ത്രിമാരുടെയും സമ്മേളനത്തിൽ ചില തീരുമാനം എടുത്തിരുന്നു. ഈ സംസ്ഥാനത്തെ ഹരിജനക്ഷേമവകുപ്പുമന്ത്രി ചെയർമാനായി ഒരു കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ടു്. വിവിധ വകുപ്പുകളിൽനിന്നും ഒരു നിശ്ചിത സംഖ്യ ഹരിജനങ്ങൾക്കു ഉപകാരപ്പെടുന്ന വിധത്തിൽ ചെലവാക്കണമെന്ന ആ കമ്മിറ്റി പ്രമേയം പാസ്സാക്കിയിട്ടുണ്ടു്. അതനുസരിച്ചു് പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിൽനിന്നും എട്ടുലക്ഷത്തോളം രൂപ നൽകിയിട്ടുണ്ടു്. മറു വകുപ്പുകളിൽ നിന്നും ഇതുപോലുള്ള സഹായങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. സി. ആദിച്ചൻ : ഹരിജനങ്ങൾക്കുള്ള ഇലക്ട്രിസിറ്റി കണക്ഷൻ, അപ്രോച്ചു് റോഡ് തുടങ്ങിയ പി. ഡബ്ലിയു. ഡി. യുടെ സാധാരണ വർക്കുകൾ കഴിഞ്ഞിട്ടു ബാക്കി കാര്യങ്ങൾ ചെയ്യാൻ ഫണ്ടു് ഇല്ലാതെ വരുന്നു. അതുകൊണ്ടു് ഹരിജന ഡിപ്പാർട്ടുമെൻറിൽ പ്രത്യേക ഫണ്ടു് ഏർപ്പെടുത്തിക്കൊണ്ടു് ഇങ്ങനെയുള്ള അപ്രോച്ചുറോഡുകളും മറും നൽകുന്നതിനു ഏർപ്പാടു ചെയ്യുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : 1962 മുതൽ അങ്ങനെയൊരു പദ്ധതി ഹരിജനക്ഷേമവകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഈ കാളണിഇംപ്രൂവുമെൻറു പദ്ധതിക്കു വേണ്ടി 1962–ൽ 35,000 രൂപ നീക്കിവച്ചിട്ടുണ്ടു്. അതു ആറേഴു കാളണിക്കു വേണ്ടി വിനിയോഗിച്ചിട്ടുണ്ടു്. 64–ൽ, 35,000 രൂപ നീക്കിവച്ചിട്ടുണ്ടു്. ഈ തുക ഉപയോഗിച്ചു കിണർ കുഴിക്കാനും റോഡു വെട്ടാനും മറും സാധിക്കുന്നതാണു്. ഇലക്ട്രിസിറ്റിയുടെ വൈഷമ്യം കാരണം ഇലക്ട്രിക് കണക്ഷൻ കൊടുക്കുവാൻ സാധിച്ചിട്ടില്ല. എങ്കിലും ചില സ്ഥലങ്ങളിൽ നടപടി എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. അച്യുതമേനോൻ: കാളണി വേണമെന്നു ഹരിജനങ്ങൾ ആവശ്യപ്പെട്ടാൽ അതിന്റെ തീരുമാനം എടുക്കുന്നതു് ഡിസ്ട്രിക്റ്റു് ഡെവലപ്പുമെൻറു് ആഫീസറാണോ, അതോ ഗവണ്മെൻറാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു : ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് കൗൺസിലിൽ ഇതു വരാൻ ഇടയില്ല. ഹരിജനങ്ങളും അങ്ങനെ ആവശ്യപ്പെടുകയാണെങ്കിൽ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ പ്രത്യേകം ലാൻഡ് അക്വിസിഷൻ തഹശീൽദാരെ നിയമിച്ചിട്ടുണ്ട്. അവർ തീരുമാനമെടുത്തുകൊള്ളും. സെന്റിനു് 25 രൂപയിൽ കൂടുതൽ വില കൊടുക്കണമെങ്കിൽ ഗവണ്മെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്നേയുള്ളു.

ശ്രീ. സി. അച്യുതമേനോൻ : ചാലക്കുടിയിൽ കുത്തുപറമ്പു് എന്ന സ്ഥലത്തു് രണ്ടു വർഷമായി തുടർച്ചയായി കാളനി ആവശ്യപ്പെടുന്നുണ്ടു്. ഗവണ്മെന്റു് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : എന്റെ ഓർമ്മയിൽനിന്നും പറയുവാൻ നിവൃത്തിയില്ല.

മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം.

* 613. [2[ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ജനുവരി മുതൽ 1963 ഡിസംബർവരെ കേരള സംസ്ഥാനത്തിലെ തീരദേശമത്സ്യത്തൊഴിലാളികളിൽനിന്നു വള്ളവും വലയും കടൽക്ഷോഭത്തിൽ നഷ്ടപ്പെട്ട എത്രപേരുടെ ധനസഹായാപേക്ഷ ഫിഷറി ഡയറക്റേറ്റ് ഓഫീസിൽ കിട്ടിയിട്ടുണ്ടു് ;

(ബി) ഇവരിൽ എത്രപേർക്കു് ധനസഹായം ചെയ്തു ; എത്ര രൂപാ വീതം ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 47.

(ബി) ഇപ്രകാരം ധനസഹായം ചെയ്യുന്ന പതിവില്ല. പക്ഷേ 25 ശതമാനം സബ്സിഡിയായും ബാക്കി ലോണായും കൊടുക്കുന്ന പതിവുണ്ടു് 61–62 വർഷങ്ങളിൽ നാലുപേർക്കു് 3,041 രൂപയും 1963–64 വർഷത്തിൽ ആറുപേർക്കു് 4,948 രൂപയും കൊടുത്തിട്ടുണ്ടു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : കേരള സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കു പ്രതിവർഷം അഞ്ഞൂറു രൂപയിൽ കുറവാണു് ആദായമെന്നും പ്രതിവർഷം മുന്നൂറു രൂപയിൽ കുറയാതെ കടമുണ്ടെന്നും കാണുന്നു. ഇവർക്കു വള്ളവും വലയും യന്ത്രവൽകൃത ബോട്ടും നൽകിയിട്ടും ഇവരുടെ സാമ്പത്തിക ശോഷി ഇങ്ങനെ അധഃപതിക്കുവാൻ കാരണം എന്താണു് ? ഇവരുടെ നില ഉയർത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : എല്ലാ മത്സ്യത്തൊഴിലാളികൾക്കും ആവശ്യമായ ആധുനിക രീതിയിലുള്ള യന്ത്രവൽകൃത ബോട്ടുകളോ, നവീന രീതിയിലുള്ള നൈലോൺ വലകളോ കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ : ചെല്ലാനം, തോർത്തുകൊച്ചിൻ തുടങ്ങിയ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കു രണ്ടു മാസക്കാലമായി യാതൊരു തൊഴിലും കിട്ടാതിരിക്കുകയാണു്. മിക്കവാറും പട്ടിണിതന്നെയാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഇവിടം ഒരു ക്ഷാമബാധിത പ്രദേശമായി ഡിക്ലയർ ചെയ്തു ദുരിതാശ്വാസ നടപടികളും സ്വീകരിക്കണമെന്നു ഫിഷർമെൻ വെൽഫെയർ കമ്മിറ്റി പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ ക്ഷാമബാധിത പ്രദേശമായി ഡിക്ലയർ ചെയ്യണമെന്നു വിചാരിക്കുന്നില്ല. ആവശ്യമതികമായ കിട്ടുകയാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly